"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - 2022-23 - കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാല (കുഫോസ്) - ശമ്പളം, ടി.എ., മറ്റ് ആകസ്മിക ചെലവുകൾ എന്നീ ആവശ്യങ്ങൾക്കുള്ള - രണ്ടാം ഗഡു തുക റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.399/2022/F&P തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 240/2022/മതുവ തീയതി 12.04.2022.
2. കുഫോസ് രജിസ്ട്രാറുടെ 07.06.2022 തീയതിയിലെ ഫിൻ4/2355/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് 2022-2023 സാമ്പത്തിക വർഷം, "2405-00-188-99-31(NP)-Grant in Aid - General-Salary" ശീർഷകത്തിൽ വകയിരുത്തിയ 1665.40 ലക്ഷം രൂപ ബജറ്റ് വിഹിതത്തിൽ നിന്ന് ശമ്പളം, ടി.എ., മറ്റ് ആകസ്മിക ചെലവുകൾ എന്നീ അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 416.35 ലക്ഷം രൂപ ഒന്നാം ഗഡുവായി പരാമർശ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം പാദ ചെലവുകൾക്കായി അവശേഷിക്കുന്ന 1249.05 ലക്ഷം രൂപയിൽ നിന്ന് ശമ്പളം, ടി.എ., മറ്റ് ആകസ്മിക ചെലവുകൾ എന്നിവയ്ക്കായി 416.35 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കുഫോസ് രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം "2405-00-188-99-31(NP)-Grant in Aid-General-Salary"ശീർഷകത്തിൽ വകയിരുത്തിയ 1665.40 ലക്ഷം രൂപ രൂപയിൽ നിന്നും ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾക്കായി രണ്ടാമത്തെ ഗഡുവായി **416.35 ലക്ഷം രൂപ (നാല് കോടി പതിനാറ് ലക്ഷത്തി മുപ്പത്തിയ്യായിരം രൂപ മാത്രം)** താഴെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി, റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഫണ്ട് ബാങ്കിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.
2)ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റിച്ചെലവഴിക്കാൻ പാടില്ല.
3) ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും, നിശ്ചിത പ്രൊഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും (As per G.O(Ms)No.4/2020/FIN dated 09/01/2020) അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4) 09/12/2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം. 75/2009/ധന, 30/01/2018-ലെ സർക്കുലർ നം. 08/2018/ധന, 04/01/2021 തീയതിയിലെ സർക്കുലർ നം. 01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി-682506.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
അഡീഷണൽ സബ് ട്രഷറി ഓഫീസർ, എറണാകുളം.
ധനകാര്യ വകുപ്പ് ( No: PU-B1/41/2022-FIN (2041524) തീയതി 22/06/2022)
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ